"ഭരണഭാഷ - മാതൃഭാഷ"

DGE/11198/2024-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 23-05-2026

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -പുതിയ അദ്ധ്യയന വർഷത്തിൽ സ്കൂൾ വാഹനങ്ങളിലെ ജീവനക്കാരെ നിയമിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ - സംബന്ധിച്ച്

സൂചന :- ഇൻ്റലിജൻസ് അഡീ. ഡയറക്ടർ ജനറൽ ഓഫ് പോലീസ്-ന്റെ 14/06/2026 തീയതിയിലെ No. 232/IAw/SsB/2026 നമ്പർ കത്ത്.

പുതിയ അദ്ധ്യയനവർഷത്തിൽ സ്കൂൾ വാഹനങ്ങളിലെ ജീവനക്കാരെ നിയമിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

സ്കൂൾ വാഹന ജീവനക്കാരെ നിയമനത്തിന് മുമ്പ് Police Clearance Certificate (PCC) സർട്ടിഫിക്കറ്റ് നിർബന്ധമാക്കുകയും, ക്രിമിനൽ പശ്ചാത്തലമുള്ളവരെ സ്കൂൾ വാഹന സേവനത്തിൽ നിന്നും പൂർണമായും ഒഴിവാക്കുകയും ചെയ്യണം. മദ്യപിച്ച് വാഹനം ഓടിച്ചതിന് കേസുകളിൽ ഉൾപ്പെട്ടവർക്കും, മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെട്ടവർക്കും, ഗുരുതര ട്രാഫിക് നിയമലംഘന ചരിത്രമുള്ളവർക്കും ഒരു കാരണവശാലും സ്കൂൾ വാഹനങ്ങളിൽ ജോലിക്ക് നിയോഗിക്കുന്നത്. PCC ഇല്ലാത്ത ജീവനക്കാരെ സ്കൂൾ വാഹനങ്ങളിൽ നിയമിക്കുന്ന സ്കൂൾ അധികൃതർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുക.

- ഡ്രൈവർമാർക്ക് കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തിപരിചയം എന്ന നിബന്ധന കർശനമായി പാലിക്കുന്നുവെന്ന് സ്കൂൾ അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.
- സ്കൂൾ കുട്ടികളുമായി പോകുന്ന വാഹനങ്ങളുടെ ഫിറ്റ്നസ് മൂന്ന് മാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
- എല്ലാ സ്കൂൾ വാഹനങ്ങളിലും, പ്രത്യേകിച്ച് LKG-UKG, പ്രൈമറി തലത്തിലുള്ള കുട്ടികൾ യാത്ര ചെയ്യുന്ന ബസുകളിൽ, പരിശീലനം ലഭിച്ച വനിതാ അറ്റൻഡന്റുമാരുടെ നിർബന്ധിത സാന്നിധ്യം ഉറപ്പാക്കണം.
- കുട്ടികളുടെ മാനസികാവസ്ഥ കൈകാര്യം ചെയ്യൽ, അപകടങ്ങൾ ഉണ്ടാകുന്ന പക്ഷം പ്രാഥമിക

ശുശ്രൂഷ നൽകൽ തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിലെ പരിചരണം എന്നീ വിഷയങ്ങളിൽ സ്കൂൾ വാഹനങ്ങളിലെ ജീവനക്കാർക്ക് കാലാനുസൃത പരിശീലനങ്ങൾ ഉറപ്പുവരുത്തുക.

- സ്കൂൾ വാഹനങ്ങളിൽ Speed Governor കളും C C T V ക്യാമറകളും ഘടിപ്പിച്ച് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം എല്ലാ സ്കൂൾ വാഹനങ്ങളിലും ഉറപ്പുവരുത്തുക.
- ഡ്രൈവർമാരുടെ പ്രൊഫഷണൽ കഴിവ്, മുൻകാല ഡ്രൈവിംഗ് ചരിത്രം, സാമൂഹിക പെരുമാറ്റം എന്നിവ നിർബന്ധമായും വിലയിരുത്തിയ ശേഷം മാത്രം നിയമനം നടത്തേണ്ടതാണ്.
- സ്കൂൾ വാഹനങ്ങളിൽ പ്രഥമ ശുശ്രൂഷാ സൗകര്യങ്ങൾ ഉണ്ടെന്ന് നിർബന്ധമായും ഉറപ്പുവരുത്തുക.
- അധ്യയന വർഷത്തിനിടയിൽ ജീവനക്കാർ ഇടയ്ക്ക് ജോലി നിർത്തിപ്പോകുന്ന സാഹചര്യം കുറയ്ക്കാൻ ഒരു അധ്യയന വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ബസ് ജീവനക്കാരെ നിയമിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് വേണ്ടി മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കിയ 'വിദ്യ വാഹൻ' ആപ്പ് വഴി വാഹനത്തിന്റെ ലൈവ് ലോക്കേഷൻ രക്ഷകർത്താക്കൾക്ക് ട്രാക്ക് ചെയ്യുന്ന സംവിധാനം എല്ലാ സ്കൂൾ വാഹനങ്ങളിലും നടപടി സ്വീകരിക്കുക. ഇക്കാര്യത്തിൽ രക്ഷിതാക്കൾക്ക് ബോധവത്കരണം നൽകുക.
- സ്കൂൾ തുറക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലെ SHO യുമായി ബന്ധപ്പെട്ട് സ്കൂൾ വാഹനങ്ങളിലെ ജീവനക്കാർക്ക് കുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റി ബോധവത്കരണം നടത്തുക.
- സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപണികൾ സമയാ സമയങ്ങളിൽ ചെയ്യുന്നത് ഉറപ്പുവരുത്തുക.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്: 1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
3. എല്ലാആർ.ഡി.ഡി മാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
4. എല്ലാഎ.ഡി മാർക്കും (വി.എച്ച്.എസ്.ഇ വിഭാഗം)
5. എല്ലാജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. എല്ലാപ്രധാനാധ്യാപകർ/പ്രിൻസിപ്പാൾമാർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

Digitally signed by
Asif K Yusuf
Date: 23-05-2026
12:54:15

പകർപ്പ്: 1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
3. എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
4. ഡയറക്ടർ, സീമാറ്റ്, കേരള
5. ഡയറക്ടർ, എസ്.ഐ.ടി കേരള